പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1466 16-10-2026-ൽ മറുപടിയ്ക്ക്

കോൾ മേഖലയിലെ നെൽകൃഷി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

പ്രൊഫ. സി. രവീന്ദ്രനാഥ് ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ നെൽകർഷകർക്ക് പ്രത്യേകിച്ച് കോൾ മേഖലയിലെ കർഷകർക്ക് കൃഷിക്കാലത്തിന് മുമ്പായി ഗുണമേന്മയുള്ളതും അനുയോജ്യവുമായ നെൽവിത്ത് ആവശ്യമായ അളവിൽ ലഭ്യമാക്കുന്നതിന് നിലവിൽ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

മറുപടി: കൃഷി ഇറക്കുന്നതിന് 6 മാസം മുൻപ് തന്നെ നെൽകർഷകർക്ക് ഓരോ മേഖലക്കും അനുയോജ്യമായ നെൽവിത്തുകൾ ലഭ്യമാക്കുന്നതിനായി പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ ഇൻഡന്റ് നൽകുകയും, കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി, സർക്കാർ ഫാമുകൾ, കാർഷിക സർവ്വകലാശാല, നാഷണൽ സീഡ്സ് കോർപറേഷൻ എന്നിവിടങ്ങളിൽ നിന്നും ആയതു കൃഷി തുടങ്ങുന്നതിനു മുൻപായി കർഷകർക്ക് എത്തിച്ചു നൽകുകയും ചെയ്യും.

നെൽകൃഷി, വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉല്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി മുഖാന്തിരം "രജിസ്റ്റേർഡ് വിത്തുല്പാദന പരിപാടി" നടപ്പിലാക്കുന്നുണ്ട്. 2026-27 വർഷത്തിൽ നെൽകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് രജിസ്റ്റേർഡ് വിത്തു ത്പാദക പദ്ധതി പ്രകാരം സംസ്ഥാനത്ത് 1164.5718 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിന് Rs.115.00 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

നെൽകൃഷി വികസന പദ്ധതിയുടെ ഘടകമായ "രജിസ്റ്റേർഡ് വിത്തുൽപ്പാദന പരിപാടി " പ്രകാരം കേരള വിത്ത് വികസന അതോറിറ്റി മുഖാന്തിരം തെരഞ്ഞെടുത്ത കർഷകർക്ക് പരിശീലനം നൽകി വിത്ത് ഉത്പ്പാദിപ്പിക്കുകയും, ഉത്പ്പാദിപ്പിക്കുന്ന വിത്തിന്റെ ഗുണമേന്മ സംസ്ഥാന സർക്കാരിന്റെ അധീനതയിൽ ആലപ്പുഴയിലും, തിരുവനന്തപുരം പാറോട്ടുകോണത്തുമുള്ള വിത്ത് പരിശോധന ലാബുകളിൽ ഗുണമേന്മ പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം, ഗുണമേന്മയുള്ള വിത്താണെന്നു സാക്ഷ്യപ്പെടുത്തിയ സെർട്ടിഫൈഡ് വിത്താണ് കൃഷി ഭവൻ വഴി സൗജന്യമായി കർഷകർക്ക് നൽകുന്നത്. വിത്ത് പരിശോധന ഫലത്തിന്റെയും മറ്റു രേഖകളുടെയും അടിസ്ഥാനത്തിൽ, സീഡ് ആക്ട് 1966 ൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് ഉത്പ്പാദിപ്പിച്ച ഗുണനിലവാരമുള്ള വിത്താണെന്ന് സംസ്ഥാന വിത്ത് സർട്ടിഫിക്കേഷൻ ഏജൻസി സാക്ഷ്യപ്പെടുത്തിയ "സെർട്ടിഫൈഡ്" വിത്ത് മാത്രമാണ് കൃഷി വകുപ്പിൽ നിന്നും കർഷകർക്ക് വിതരണം ചെയ്യുന്നത്. സംസ്ഥാന വിത്ത് വികസന അതോറിറ്റിയിൽ നിന്നും വിത്ത് ലഭിച്ചാലുടൻ കൃഷി ഓഫീസർമാർ വിത്തിൻറെ മുള ശേഷി പരിശോധിച്ച് ഗുണമേന്മ ഉറപ്പു വരു ത്തിയ ശേഷമാണ് കർഷകർക്ക്

വിതരണം ചെയ്യുന്നതും ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ വിത്ത് വിതരണം ചെയ്ത ശേഷം ഗുണമേന്മ കുറവാണെന്നു ബോധ്യപ്പെട്ടാൽ ആയതു അഞ്ചു ദിവസത്തിനകം വിത്ത് വികസന അതോറിറ്റിയെ രേഖാമൂലം അറിയിക്കാവുന്നതും. സ്ഥലപരിശോധനയിൽ ആയതു ബോധ്യപ്പെട്ടാൽ പകരം വിത്ത് സൗജന്യമായി നൽകുന്നതുമാണ്.

(ബി) കോൾ മേഖലയിലെ കൃഷിക്ക് അനുയോജ്യമായ നെൽവിത്തിനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

<u>മറുപടി:</u> മുണ്ടകൻ കാലം

1.എം . ഒ 16 (ഉമ)

2. പിടിബി 39 (ജ്യോതി)

3 എം ഒ 23 (പൗർണമി)

4 എം ഒ 22 (ശ്രേയസ്)

പുഞ്ചക്കാലം

1. കെ എ യു (മനുരത്ന)

പിടിബി 50 (കാഞ്ചന)

2. പിടിബി 45 (മട്ട ത്രിവേണി)

(സി) നിലവിലെ കൃഷിവർഷത്തിൽ കർഷകരുടെ ആവശ്യത്തിനനുസരിച്ചുള്ള അളവിൽ വിത്ത് ലഭ്യമാണോ എന്ന് വ്യക്തമാക്കുമോ;

<u>മറുപടി:</u> നടപ്പു വർഷത്തിൽ കർഷകരുടെ ആവശ്യത്തിനനുസരിച്ചുള്ള വിത്ത് ലഭ്യമാണ്.

(ഡി) ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി വിത്തിന്റെ ശാസ്ത്രീയ പരിശോധനയും സർട്ടിഫിക്കേഷനും നടത്താറുണ്ടോ;

<u>മറുപടി:</u> കേരള വിത്ത് വികസന അതോറിറ്റി മുഖാന്തിരം തെരഞ്ഞെടുത്ത കർഷകർക്ക് ശാസ്ത്രീയ വിത്തുൽപ്പാദനത്തിൽ പരിശീലനം നൽകുകയും ഗുണമേന്മയുള്ള ഫൗണ്ടേഷൻ വിത്ത് അവർക്കു സൗജന്യമായി നൽകി വിത്ത് ഉത്പ്പാദിപ്പിക്കുകയും, ഉത്പ്പാദിപ്പിക്കുന്ന വിത്തിന്റെ ഗുണമേന്മ സംസ്ഥാന സർക്കാരിന്റെ അധീനതയിൽ ആലപ്പുഴയിലും, തിരുവനന്തപുരം പാറോട്ടുകോണത്തുമുള്ള വിത്ത് പരിശോധന ലാബുകളിൽ ഗു ണമേന്മ പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം, വിത്ത് പരിശോധന ഫലത്തിന്റെയും മറ്റു രേഖകളുടെയും അടിസ്ഥാനത്തിൽ, സീഡ് ആക്ട് 1966 -ൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് ഉത്പ്പാദിപ്പിച്ച ഗുണനിലവാരമുള്ള വിത്താണെന്ന് സംസ്ഥാന വിത്ത് സർട്ടിഫിക്കേഷൻ ഏജൻസി സാക്ഷ്യപ്പെടുത്തിയ " സെർട്ടിഫൈഡ്" വിത്ത് മാത്രമാണ് കൃഷിഭവൻ വഴി സൗജന്യമായി കർഷകർക്ക് നൽകുന്നത്. കൂടാതെ കൃഷി ഭവനിൽ വിത്ത് ലഭിച്ചാലുടൻ കൃഷി ഓഫീസർമാർ വിത്തിന്റെ മുള ശേഷി പരിശോധിച്ച് ഗുണമേന്മ ഉറപ്പു വരുത്തിയ ശേഷമാണ് കർഷകർക്ക് വിതരണം ചെയ്യുന്നതും. ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ വിത്ത് വിതരണം ചെയ്ത ശേഷം ഗുണമേന്മ കുറവാണെന്നു ബോധ്യപ്പെട്ടാൽ ആയതു അഞ്ചു ദിവസത്തിനകം

വിത്ത് വികസന അതോറിറ്റിയെ രേഖാമൂലം അറിയിക്കാവുന്നതും, സ്ഥലപരിശോധനയിൽ ആയതു ബോധ്യപ്പെട്ടാൽ പകരം വിത്ത് സൗജന്യമായി നൽകുന്നതുമാണ്.

(ഇ) മണലൂർ ഉൾപ്പെടെയുള്ള കോൾ മേഖലകളിലെ കർഷകർക്ക് കൃഷിയിറക്കുന്നതിന് മുമ്പ് ആവശ്യമായ അളവിൽ ഗുണമേന്മയുള്ള നെൽവിത്ത് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ?

മറുപടി: മണലൂർ ഉൾപ്പെടെയുള്ള കോൾ മേഖലകളിലെ കർഷകർക്ക് കൃഷിയിറക്കുന്നതിന് മുമ്പ് ആവശ്യമായ അളവിൽ ഗുണമേന്മയുള്ള നെൽവിത്ത് നിലവിൽ സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ